**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : 426** — **19.10.2011 ലെ മറുപടിക്ക്**

**<u>നീതി മെഡിക്കൽ സ്റ്റോറുകളിൽ അവശ്യമരുന്നുകളുടെ ലഭ്യത</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സി. കൃഷ്ണൻ**<br>**ശ്രീ. എ.കെ. ബാലൻ**<br>**ശ്രീ.എ.എം. ആരിഫ്**<br>**ശ്രീ.കെ.ദാസൻ** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>**(സഹകരണ വകുപ്പ് മന്ത്രി)** |
| എ) നീതി മെഡിക്കൽ സ്റ്റോറുകളിൽ സാധാരണക്കാരായ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഹൃദയ ചികിത്സയ്ക്കുള്ള സ്റ്റെൻഡും കാൻസർ പോലുള്ള മാരക രോഗങ്ങൾക്കുള്ള മരുന്നുകളും നീതി സ്റ്റോറുകൾ വഴി വിൽപന നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി) ഹൃദയ ചികിൽസയ്ക്കുള്ള സ്റ്റെൻഡിനും കാൻസർ പോലുള്ള മാരക രോഗങ്ങൾക്കുള്ള മരുന്നുകൾക്കും നീതി മെഡിക്കൽ സ്റ്റോറുകളിൽ നിരന്തരമായി ഡിമാന്റ് ഉണ്ടാകാറില്ല. ഇത്തരം രോഗങ്ങൾക്കുള്ള മരുന്നുകൾ ചികിൽസാ സൗകര്യമുള്ള സ്ഥാപനങ്ങൾ തന്നെ സംഭരിക്കുന്ന സംവിധാനമാണുള്ളത്. ആയതിനാൽ ഇത്തരം മരുന്നുകൾ നീതി സ്റ്റോറുകൾ വഴി വിൽപന നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) നീതി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന മരുന്നുകളുടെ ലഭ്യത കുറഞ്ഞു വരുന്നത് എന്തുകൊണ്ടാണ്; നീതി സ്റ്റോറുകളുടെ പ്രവർത്തനം സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ്; വിശദമാക്കാമോ? | സി) മരുന്നുകളുടെ ലഭ്യതയ്ക്ക് കുറവു വന്നിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. നീതി സ്റ്റോറുകളുടെയും നീതി മെഡിക്കൽ സ്റ്റോറുകളുടെയും പ്രവർത്തനം സംബന്ധിച്ച അവലോകനം നിരന്തരമായി നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാതല അവലോകനം അവസാനമായി നടത്തിയത് 17.09.2011-ൽ ആലപ്പുഴയിലും 23.09.2011-ൽ കാസർഗോഡും ആണ്. |

**സെക്ഷൻ ഓഫീസർ**